LIBRARY ARCHIVES Kerala Legislative Assembly

ജി.വി.രാജ സ്പോർട്സ് സ്കൂളിലെ പഠന നിലവാരം

203 (2303) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ജി.വി. രാജ സ്പോർട്സ് സ്കൂളിലെ പഠന നിലവാരം മോശമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളിൽ ഏതൊക്കെ കോച്ചുകളുടെ ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന് പരിഹാരമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും അടിയന്തരമായി മേൽപ്പറഞ്ഞ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല

(ബി) വോളിബാൾ പരിശീലകന്റെ ഒഴിവാണുള്ളത്

(സി) നിലവിലുള്ള പരിശീലകരുടെ ഒഴിവുകൾ നികത്തുന്നതിന് താൽക്കാലിക അടിസ്ഥാനത്തിൽ യോഗ്യതയുള്ള പരിശീലകരെ നിയമിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. മാത്രമല്ല കേരള സ്പോർട്സ് കൗൺസിലിലെ പരിശീലകരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്.

സ്പോർട്സ് കൗട്ടയും കായികതാരങ്ങൾക്ക് അന്യസംസ്ഥാനത്തേയ്ക്ക് ചേക്കേറുന്നത് ഒഴിവാക്കാൻ നടപടിയും

204 (2304) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്പോർട്സ് കൗട്ടയിൽ ഏതൊക്കെ വകുപ്പുകളിൽ എത്ര പേർക്ക് ഏതൊക്കെ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) ഏതൊക്കെ വകുപ്പുകളിൽ ഏതൊക്കെ തസ്തികകളിൽ എത്ര ഒഴിവുകൾ വീതം സ്പോർട്സ് കൗട്ടാ നിയമനത്തിനായി നീക്കിവച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

(സി) സംസ്ഥാനത്തെ കായികതാരങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് ചേക്കേറുന്നത് ഒഴിവാക്കാൻ മറ്റെന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 95 പേർക്ക് വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ/ഇലക്ട്രിക്കൽ) ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-1 ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻ, വാണിജ്യ നികുതി വകുപ്പിൽ കൊമേഴ്സ്യൽ സെയിൽസ് ടാക്സ് ഓഫീസർ, സെക്രട്ടേറിയറ്റ്/ പബ്ലിക് സർവ്വീസ് കമ്മീഷൻ/അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിൽ അസിസ്റ്റന്റ് വിവിധ വകുപ്പുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 /സ്റ്റെനോ, പ്യൂൺ ചൗക്കിദാർ, ലിഫ്റ്റ് ഓപ്പറേറ്റർ, റോണിയോ ഓപ്പറേറ്റർ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ അസിസ്റ്റന്റ് അപ്പർപ്രൈമറി/ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ് എന്നീ തസ്തികകളാണ് നീക്കി വച്ചിട്ടുള്ളത്. കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനപ്രകാരമുള്ള ഒഴിവുകളാണ് നികത്തപ്പെടുന്നത്.

(സി) 1) സ്പോർട്സ് ക്വാട്ടാ നിയമനം പ്രതിവർഷം 20 എന്നത് 2009 മുതൽ 50 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

2) പോലീസ് വകുപ്പിൽ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3) പൊതുമേഖലാസ്ഥാപനങ്ങളിൽ സ്പോർട്സ് ക്വാട്ടാ നിയമനം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പേരാവൂർ മണ്ഡലത്തിലെ കളിസ്ഥലങ്ങൾക്ക് ധനസഹായം

205 (2305) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കായിക വളർച്ചക്ക് സ്പോർട്സ് കൗൺസിൽ മുഖേന എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന പേരാവൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ കളിസ്ഥലങ്ങൾക്കാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സ്പോർട്സ് മേഖലയുടെ വികസനത്തിനായി അടിസ്ഥാന കളിസ്ഥല വികസനം 2012 ഒളിമ്പിക്സ് ലക്ഷ്യം വെച്ച് കൊണ്ടുള്ള വിഷൻ 2012-ദീർഘകാല പരിശീലന പരിപാടി സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly